**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് – റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) – രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.

**ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ്**

സ.ഉ (പി) നം.151/2017/ധന. തിരുവനന്തപുരം, തീയതി 29/11/2017

പരാമർശം : 1) 03-07-2015 തീയതിയിലെ സ.ഉ (പി)നം 269/2015/ധന നമ്പർ സർക്കാർ ഉത്തരവ്.
2) 14-07-2017 തീയതിയിലെ സ.ഉ (പി)നം 90/2017/ധന നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം റബ്ബർ കർഷകർക്കായി സംസ്ഥാനത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സ്കീമിന്റെ മൂന്നാം ഘട്ടം നടപ്പിലാക്കിക്കൊണ്ടും ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലായിരുന്ന റബ്ബർ കർഷകർക്ക് സ്കീമിന്റെ മൂന്നാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുവാൻ 31-08-2017 തീയതി വരെ അവസരം നൽകി കൊണ്ടും ഉത്തരവാവുകയും ചെയ്തിരുന്നു. എന്നാൽ മൂന്നാം ഘട്ടത്തിൽ ടി പദ്ധതിയ്ക്ക് കീഴിൽ രജിസ്റ്റർ ചെയ്യുവാൻ അനുവദിച്ചിരുന്ന കാലയളവിൽ നിരവധി കർഷകർക്ക് രജിസ്റ്റർ ചെയ്യുവാൻ സാധിച്ചില്ലായെന്നും ആയതിനാൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിൽ നിവേദനങ്ങൾ ലഭിയ്ക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിൽ മൂന്നാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി 31-12-2017 വരെ ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു. പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള മറ്റു നിബന്ധനകൾ പുതിയ രജിസ്ട്രേഷന് ബാധകമായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വി. ആർ. രാജമ്മ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ& ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, റബ്ബർ ബോർഡ്, കോട്ടയം
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ